LIBRARY ARCHIVES Kerala Legislative Assembly

വെമ്പല്ലൂർ ഹെൽത്ത് സെൻറർ

1531. [2290] ശ്രീ. വി. കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പടിഞ്ഞാറെ വെമ്പല്ലൂർ ഡിസ്പെൻസറി ഹെൽത്ത് സെൻറർ ആയി പ്രഖ്യാപിച്ചെങ്കിലും ആവശ്യമായ സ്റ്റാഫോ, ഡോക്ടറോ, മരുന്നോ ഇല്ലെന്ന വിവരം ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഹെൽത്ത് സെൻറിലേക്ക് സ്റ്റാഫ്, ഡോക്ടർ എന്നിവ എത്ര വീതം വേണം ?

(സി) ഇവിടെ എത്രപേർ ഉണ്ട്.

ഉത്തരം

(എ) ഉണ്ട്.

(ബി) 1984-85-ൽ അനുവദിച്ച പുതിയ പ്രൈമറി ഹെൽത്ത് സെൻററുകളിൽ താഴെ പറയുന്ന സ്റ്റാഫ് ആണ് അനുവദിച്ചിട്ടുള്ളത്.

1.	അസിസ്റ്റൻറ് സർജൻ	2
2.	ഹെൽത്ത് ഇൻസ്പെക്ടർ (മെയിൽ)	1
3.	ലേഡി ഹെൽത്ത് ഇൻസ്പെക്ടർ	1
4.	ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് ഗ്രേഡ്—2	4
5.	ഫാർമസിസ്റ്റ്	1
6.	ലബോറട്ടറി ടെക്നിഷ്യൻ	1
7.	എൽ.ഡി. ക്ലാർക്ക്	1
8.	ഡ്രൈവർ	1
9.	നേഴ്സിംഗ് അസിസ്റ്റൻറ്	1
10.	ഫോസ്പിറൽ അറൻഡൻറ് ഗ്രേഡ്-2	1
11.	പ്യൂൺ	1
12.	പാർട്ട്ടൈം സ്വീപ്പർ	1

(സി) 8 പേർ.

മെഡിക്കൽ ആഫീസർ	1
ഫാർമസിസ്റ്റ്	1
ജൂനിയർ പി.എച്ച്.നഴ്സ്	1
നേഴ്സിംഗ് അസിസ്റ്റൻറ്	1
ഫോസ്പിറൽ അറൻഡൻറ് ഗ്രേഡ്-2	1
പാർട്ട്ടൈം സ്വീപ്പർ	1
ക്ലാർക്ക്	1
പ്യൂൺ	1

പന്ന്യന്നൂർ ഗവൺമെൻറ് ഡിസ്പൻസറി

1532. [2294] ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പെരിങ്ങളം നിയോജകമണ്ഡലത്തിൽപ്പെട്ട പന്ന്യന്നൂർ ഗവൺമെൻറ് റൂറൽ ഡിസ്പെൻസറിക്ക് ഇതുവരെയായി ബഡ്ഡുകളും അനുവദിച്ചിട്ടില്ലെന്ന വിവരം ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ബെഡ്ഡുകളും നൽകുന്നതിനുള്ള കാലതാമസം ഒഴിവാക്കാൻ നടപടി എടുക്കുമോ ?

ഉത്തരം

(എ & ബി) കണ്ണൂർ ജില്ലയിൽ ഗവൺമെൻറ് റൂറൽ ഡിസ്പെൻസറി, പന്ന്യന്നൂർ എന്നൊരു ഡിസ്പെൻസറി ഉണ്ട്. അവിടെ കിടക്കകളുടെ എണ്ണം 10 ആയി നിശ്ചയിച്ചിട്ടുണ്ട്.

കോഴിക്കോട് മെഡിക്കൽ കോളേജിലെ യൂറോളജി വകുപ്പ്

1533. [2298] ശ്രീ. എം. പി. എം. ഇസ്ഹാക്ക് കുരിക്കൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് മെഡിക്കൽ കോളേജിൽ യൂറോളജി വകുപ്പിന്റെ ആവശ്യത്തിനുവേണ്ടി ഒരു മൊബൈൽ എക്സറേ മെഷീൻ വാങ്ങുന്നതിന് സർക്കാരിന്റെ അനുമതിക്കായി ഒരു പ്രൊപ്പോസൽ ലഭിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതിൻമേൽ എന്തു നടപടി സ്വീകരിച്ചു ;

(സി) ഈ സാമ്പത്തിക വർഷത്തിൽത്തന്നെ അത് വാങ്ങി സ്ഥാപിക്കുന്നതിന് അനുമതി നൽകുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി & സി) ഏഴു ലക്ഷം രൂപ വില പിടിപ്പുള്ള ഈ മെഷീൻ വാങ്ങുന്നതിന് നടപ്പു സാമ്പത്തിക വർഷത്തിൽ ബഡ്ജറ്റിൽ തുക ഉൾക്കൊള്ളിച്ചിട്ടില്ല. ഇതിനുവേണ്ടിവരുന്ന തുക ഈ സാമ്പത്തികവർഷം തന്നെ ലഭ്യമാക്കാൻ സാധിക്കുമോ എന്നു പരിശോധിച്ചുകൊണ്ടിരിക്കുകയാണ്.

വളയം ആശുപത്രിയിൽ ലേഡി ഡോക്ടറെ നിയമിക്കുവാൻ നടപടി

1534. [2299] ശ്രീ. കെ. റ്റി. കണാരൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

വളയം ആശുപത്രിയിൽ ഒരു ലേഡി ഡോക്ടറെ നിയമിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

വളയം പി. എച്ച്. സെൻററിൽ 2 ഡോക്ടർമാരുടെ തസ്തികകളാണുള്ളത്. അതിൽ രണ്ടിലും പുരുഷ ഡോക്ടർമാരെയാണ് ഇപ്പോൾ നിയമിച്ചിട്ടുള്ളത്. അവിടെ അടുത്ത ഒഴിവുണ്ടാകുമ്പോൾ ഒരു ലേഡി ഡോക്ടറെ നിയമിക്കുന്നതാണ്.

താൽക്കാലിക സ്വീപ്പർ നേഴ്സുമാർ

1535. [2300] ശ്രീ. കെ. പി. രാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള ആരോഗ്യ വകുപ്പിൽ താൽക്കാലിക അടിസ്ഥാനത്തിൽ നിയമിക്കപ്പെട്ട എത്ര സ്വീപ്പർ നേഴ്സുമാർ ഇപ്പോൾ സർവ്വീസിലുണ്ട്.

(ബി) ഇവരുടെ സർവീസ് റെഗുലറൈസ് ചെയ്യാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ?

ഉത്തരം

(എ) 670 നഴ്സുമാർ താൽക്കാലിക അടിസ്ഥാനത്തിൽ ജോലി ചെയ്യുന്നുണ്ട്.

(ബി) ഇവരുടെ സർവ്വീസ് റെഗുലറൈസ് ചെയ്യുന്നതിനുവേണ്ടി പി.എസ്.സി.യുമായി കത്തിടപാടുകൾ നടത്തിവരികയാണ്.

LIBRARY ARCHIVES Kerala Legislative Assembly